"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്- മലപ്പുറം ജില്ലാപഞ്ചായത്ത്-2019-20 വാർഷിക പദ്ധതി- ചേലേമ്പ്ര പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന പൈങ്ങോട്ടൂർ പട്ടിക ജാതി ശ്മശാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് തുക വിനിയോഗിക്കുന്നതിന്-അനുമതി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഡി.ബി) വകുപ്പ്

സ.ഉ.(സാധാ) നം.2561/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 13/11/2019

പരാമർശം:- 1 പൈങ്ങോട്ടൂർ പട്ടിക ജാതി (കണക്കൻ)ശ്മശാന സംരക്ഷണ സമിതി സെക്രട്ടറിയുടെ 13/03/2019 ലെ നിവേദനം

2 മലപ്പുറം ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ 14/10/2019 ലെ ജി.3-3432/19 നമ്പർ കത്ത്

<u>ഉത്തരവ്</u>

മലപ്പുറം ജില്ലയിലെ ചേലേമ്പ്ര പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന പൈങ്ങോട്ടൂർ പട്ടിക ജാതി ശ്മശാനത്തിന് ഭൗതിക സാഹചര്യം ഒരുക്കുന്നതിന് മലപ്പുറം ജില്ലാപഞ്ചായത്ത് 2019-20 സാമ്പത്തിക വർഷം അനുവദിച്ച 15 ലക്ഷം രൂപ (പ്രോജക്ട് നം. 245/2019-20) വിനിയോഗിക്കുന്നതിന് പ്രത്യേക അനുമതി നൽകണമെന്ന് പൈങ്ങോട്ടൂർ പട്ടിക ജാതി(കണക്കൻ) ശ്മശാന സംരക്ഷണ സമിതി സെക്രട്ടറി പരാമർശം 1 പ്രകാരം ആവശ്യപ്പെട്ടിരുന്നു. ചേലേമ്പ്ര ഗ്രാമപഞ്ചായത്തിലെ 9-ാം വാർഡിൽ സ്ഥിതിചെയ്യുന്നതും സമീപ പഞ്ചായത്തുകളിലെ കണക്കൻ വിഭാഗത്തിലെ നിരവധി ആളുകൾ ആശ്രയിക്കുന്നതും പൈങ്ങോട്ടൂർ പട്ടികജാതി (കണക്കൻ) വിഭാഗത്തിന്റെ ഉടമസ്ഥതയിൽ നടത്തുന്നതുമായ ശ്മശാനത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ 15,00,000/- ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും ടി തുക ശ്മശാന വികസനത്തിന് ചെലവഴിക്കുവാൻ പ്രത്യേക അനുമതി നൽകണമെന്നും പരാമർശം 2 പ്രകാരം മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള പഞ്ചായത്ത് രാജ് ചട്ടം പ്രകാരം ജില്ലാ പഞ്ചായത്തിന് നേരിട്ട് ശ്മശാനങ്ങൾ ഏറ്റെടുത്ത് ഫണ്ട് അനുവദിക്കുന്നതിന് തടസ്സമുള്ളതിനാൽ മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള 15,00,000/- രൂപ (പതിനഞ്ച് ലക്ഷം രൂപ മാത്രം) പൈങ്ങോട്ടൂർ പട്ടികജാതി (കണക്കൻ) വിഭാഗത്തിന്റെ ഉടമസ്ഥതയിലുള്ള ശ്മശാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് വിനിയോഗിക്കുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പകർപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, മലപ്പുറം ജില്ലാപഞ്ചായത്ത്
ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ്ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ